കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മൂന്നിയൂർ ഗ്രാമപഞ്ചായത്ത്

2018-19

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/എം.പി.എം.15/20/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം
തീയതി.04-03-2020

ഡെപ്യൂട്ടി ഡയറക്ടർ(ഹയർ ഗ്രേഡ്).

പ്രസിഡന്റ്,
(സെക്രട്ടറി മുഖേന)
മൂന്നിയൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :മൂന്നിയൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട്, Aims വെബ്സൈറ്റ് മുഖേന പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
3)പഞ്ചായത്ത് അസിസിറ്റന്റ് ഡയറക്ടർ, മലപ്പുറം
4)കാര്യാലയ പകർപ്പ്

എം.എ.6-5-2020

നം.കെ.എസ്.എ.എം.പി.എം. 15/20/2020 തിയ്യതി:04-03-2020

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2018 മുതൽ 18.12.2019

തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ആർ. അജിത്ത് ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 19.12.2019 മുതൽ 31.12.2019വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ശ്രീ. ദിനേശൻ.എം	ഓഡിറ്റ് ഓഫീസർ
ശ്രീ.സണ്ണി.എം.യു	ഓഡിറ്റ് ഓഫീസർ
ശ്രീ.അബ്ദുറഷീദ്.എം.പി	അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.മുഹമ്മദ് നൗഷാദ്.എ.കെ	ഓഡിറ്റർ

<u>ബി) നിർവഹണാധികാരികൾ</u>

പ്രസിഡന്റ്

ശ്രീമതി കട്ടാശ്ശേരി ഷെരീഫ	01.04.2018 മുതൽ 31.03.2019 വരെ

സെക്രട്ടറി

ശ്രീമതി ബേബി സരോജം.ഡി	01.04.2018 മുതൽ 20.06.2018 വരെ
ശ്രീമതി റുബീന.ആർ.എച്ച്	21.06.2018മുതൽ 12.11.2018 വരെ
ശ്രീമതി വത്സല.കെ	13.11.2018മുതൽ 31.03.2019 വരെ

<u>മറ്റു നിർവഹണ ഉദ്യോഗസ്ഥർ.</u>

ഉദ്യോഗപ്പേര്	പേര്	കാലയളവ്
വെറ്ററിനറി സർജൻ	ഡോ.ജോജു ജോണാസ്	01.04.2018 മുതൽ 31.03.2019 വരെ
ഐ.സി.ഡി.എസ് സൂപ്പർവൈസർ	ശ്രീമതി റജീന.ഒ	01.04.2018 മുതൽ 31.03.2019 വരെ
ഹെഡ്മാസ്റ്റർ	ശ്രീ.മോഹൻകുമാർ.ടി.വി	01.04.2018 മുതൽ 31.03.2019 വരെ

വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ	ശ്രീ.അഖിൽ.ബി	01.04.2018 മുതൽ 31.03.2019 വരെ
കൃഷി ഓഫീസർ	ശ്രീമതി ബസില.സി.പി	01.04.2018 മുതൽ 30.10.2018 വരെ (31-10-18 ഒഴിവ്)
	ശ്രീമതി രേഷ്മ.എൻ	01.11.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	ഡോ.ഈസ അരീക്കാടൻ	01.04.2018 മുതൽ 31.03.2019 വരെ
അസിസ്റ്റന്റ് സെക്രട്ടറി	ശ്രീമതി സി.എ.നാസില	01.04.2018 മുതൽ 18.11.2018 വരെ
	ശ്രീ.ഷാജു.എം	19.11.2018 മുതൽ 31.03.2019 വരെ
മെഡിക്കൽ ഓഫീസർ(ആയുർവേദം)	ഡോ.കെ.സുശീല	01.04.2018 മുതൽ 30.06.2019 വരെ
	ഡോ.സുജാതാ ദേവി	31.06.2019 മുതൽ 31.03.2019 വരെ
അസിസ്റ്റന്റ്എഞ്ചിനീയർ	ശ്രീമതി അഞ്ജലി ഷാജി	01.04.2018 മുതൽ 23.11.2018 വരെ
	ശ്രീ.ബിപിൻ.എൻ.വി(ഇൻ ചാർജ്)	24.11.2018 മുതൽ 28.02.2019വരെ
	ശ്രീ.രാജേഷ് കുമാർ (ഇൻ ചാർജ്)	01.03.2019 മുതൽ 17.03.2019വരെ
	ശ്രീ.ജോർജ് സക്കറിയ	18.03.2019 മുതൽ 31.03.2019വരെ

ഉള്ളടക്കം

ക്രമ നം.	വിഷയം	ഖണ്ഡിക നമ്പർ
ഭാഗം I പൊതു അവലോകനം		
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക.	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	പദ്ധതി അവലോകനം.	1-5
6	തൊഴിലുറപ്പ് പദ്ധതി	1-6

7	ക്ഷേമപദ്ധതികൾ	1-7
8	ക്യാഷ് പരിശോധന	1-8
9	ആഭ്യന്തരനിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	വാർഷിക കണക്കിലെ അപാകതകൾ	1-11
12	ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ	1-12
13	തൊഴിൽ നികുതി-ഈടാക്കിയില്ല	1-13
14	കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു-ചട്ടലംഘനം, വസ്തുനികുതി കുറവ്.	1-14
15	കെട്ടിട നിർമ്മാണം പൂർത്തിയായതു മുതലുള്ള വസ്തുനികുതി ഈടാക്കിയില്ല 42486.5/- രൂപ നഷ്ടം	1-15
16	സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചു.	1-16
17	കൗണ്ടർ കളക്ഷൻ തുക ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയില്ല	1-17
18	എസ്.സി വനിതകൾക്കുള്ള വിവാഹ ധനസഹായം-പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള സാക്ഷ്യ പത്രം ഹാജരാക്കിയില്ല	1-18
19	മുൻകൂർ/ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല	1-19
20	ലൈഫ് ഭവന പദ്ധതി-ഒന്നാം ഗഡു മുൻകൂറായി കൈപ്പറ്റിയ ഗുണഭോക്താവ് ഭവന നിർമ്മാണം നാളിതുവരെയും തുടങ്ങിയിട്ടില്ല	1-20
21	ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് നിയമനം-സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല	1-21
22	വാഴകൃഷിക്ക് ജൈവവളം- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ	1-22
23	പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല	1-23
24	കുന്നത്തെയിൽ കാര്യാട് വാട്ടർ സപ്ലൈ സ്കീം - സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.	1-24
25	പ്ലംബ്ബിംഗ് പ്രവൃത്തിയുടെ പ്രയോജനം ലഭ്യമായിട്ടില്ല.	1-25
26	പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.	1-26
ഭാഗം -2 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ		
	ഇല്ല.	
ഭാഗം -3 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ		
	ഇല്ല	

ഭാഗം 4 പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും		
27	വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം	4-1
28	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-2
29	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
30	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
31	വായ്പ / വായ്പ തിരിച്ചടവ്	4-5
32	സ്ഥിര നിക്ഷേപങ്ങൾ	4-6
33	ഓഡിറ്റ് റിക്കവറി	4-7
34	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-8
35	ചാർജ്ജ് -സർചാർജ്ജ് നടപടികളുടെ വിവരം	4-9
36	ഓഡിറ്റ് പ്രത്യവലോകനം	4-10
37	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
38	അനുബന്ധം: 1 ഓഡിറ്റ് സാക്ഷ്യപത്രം	
39	അനുബന്ധം: 2 ഓഡിറ്റെഡ് അബ്സ്ട്രാക്ട്	

ഭാഗം -1
ഓഡിറ്റ് റിപ്പോർട്ട്

1-1 ബജറ്റ്

21.03.2018തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 07.02.2019തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് റിവൈസ് ചെയ്തിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2019	09.05.2019	-	-

1-3 സാമ്പത്തിക വിശകലനം

ഇനം	2018-19
മുന്നിരിപ്പ്	45260073.85
വരവ്	88824941.00

ആകെ	134085014.85
ചെലവ്	72803985.00
നീക്കിയിരിപ്പ്	61281029.85

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	24611000	24611000	21250500	3360500
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	7421000	7421000	4677528	2743472
വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം)	0	151000	151000	151000	0
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	6438000	6438000	3813061	2624939
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	5208000	5208000	3557723	1650277
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	11423000	11423000	6795728	4627272
എം.ജി.എൻ.ആർ.ഇ.ജി.എസ്(ശമ്പളം)	17867	693058	710925	578524	132401
എം.ജി.എൻ.ആർ.ഇ.ജി.എസ് (കൂലി)	0	15018250	15018250	15018250	0
ബി ഫണ്ട്	0	67718360	67718360	67718360	0
ജനറൽ പർപ്പസ് ഫണ്ട്	0	190407355	190407355	6623088	12784267
ഐ.സി.ഡി.എസ്	2709631	1720800	4430431	1994796	2435635
സാക്ഷരത	865	35	900	0	900
ഡിസ്ട്രസ് റിലീഫ് ഫണ്ട്	15333	613	15946	0	15946
സംയുക്ത പദ്ധതി(ബ്ലോക്ക് പഞ്ചായത്ത്)	6386533	2766092	9152625	5115550	4037075
സംയുക്ത പദ്ധതി(ജില്ലാ പഞ്ചായത്ത്)	12250	3190020	3202270	912920	2289350
ടി.എസ്.സി	184116	6529	190645	0	190645
ജലനിധി	474369	13866661	1861030	1105835	755195
തനത് ഫണ്ട്	10303040	20623004	30926044	18737368	12188676

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
175	103730543	90	59115093	7	85	48.57

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ഭരണ ചെലവുകൾ	17867	693058	710925	578524	132401
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	15018250	15018250	15018250	0
ആകെ	17867	15711308	15729175	15596774	132401

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിത വേതനം	68160	72
കർഷകതൊഴിലാളി പെൻഷൻ	3522800	1173
വിധവ പെൻഷൻ	22374500	7005
വാർദ്ധക്യകാല പെൻഷൻ	32573900	10010
വികലാംഗപെൻഷൻ	7988200	2506
വിവാഹധനസഹായം	120000	4
50 വയസ്സിനു മുകളിൽ അവിവാഹിത പെൻഷൻ	913800	290
നെൽകൃഷി ഉൽപ്പാദന ബോണസ്	157000	135

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 19.12.2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 51170/- രൂപ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

1)2013 ൽ പുതുക്കിയ പൊതുമരാമത്ത് മാനവലിൽ നിഷ്ക്കർഷിക്കുന്ന രീതിയിൽ കരാറുകാരുമായി ചമക്കേണ്ട കരാർ പത്രിക തയ്യാറാക്കുന്നില്ല, പ്രവൃത്തി പൂർത്തീകരണത്തിലുണ്ടാകുന്ന കാലതാമസത്തിന് പിഴ സംബന്ധിച്ച വ്യവസ്ഥ പാലിക്കുന്നില്ല.
2) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാർ സമർപ്പിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ കൈപ്പറ്റുമ്പോൾ ആയതിന്റെ വിവരം എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട്. എന്നാൽ അവ തിരിച്ച് കൊടുക്കുന്ന വിവരം നിരീക്ഷിക്കാൻ സംവിധാനം ഇല്ല. അതുപോലെ നാളിതുവരെ തിരിച്ചുകൊടുക്കാൻ അവശേഷിക്കുന്ന സെക്യൂരിറ്റി ഡെപ്പോസിറ്റുകളുടെ വർഷം തിരിച്ചുള്ള കണക്ക് തയ്യാറാക്കുന്നില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടുന്നില്ല.
3) മാസ്റ്റർ ഇൻക്യുമ്പൻസി രജിസ്റ്റിർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തിയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തിയതി
പെർഫോമൻസ് ഓഡിറ്റ്	09.12.2019	11/2019	09.12.2019
എ.ജി ഓഡിറ്റ്	03.07.2006 മുതൽ 15.07.2006 വരെ	1997-98 മുതൽ 2005-06 വരെ	28.08.2006

1-11 വാർഷിക കണക്കുകളിലെ അപാകതകൾ

കെ.എസ്.എ.എം.പി.എം.15/1189/2019, തിയതി: 22-08-2019 നമ്പർ ഓഡിറ്റ് സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ച ചുവടെ ചേർത്ത അപാകതകൾ പരിഹരിച്ചിട്ടില്ല

1. 2017-18 ബാലൻസ്ഷീറ്റ് (B15) പ്രകാരം വസ്തുനികുതി കുടിശ്ശികയില്ല. എന്നാൽ 2018-19 റസീറ്റ് ആന്റ് പേമെന്റ് സ്റ്റേറ്റ്മെന്റ് (RP-43) പ്രകാരം റസിഡൻഷ്യൽ ബിൽഡിംങ് 67,179 + നോൺ റസിഡൻഷ്യൽ ബിൽഡിംങ് 70,324/- രൂപ അടക്കം ആകെ 1,37,503 രൂപ കുടിശ്ശിക പിരിച്ചെടുത്തിട്ടുണ്ട്. ഇത് സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി പത്രികയിലും ഉൾപ്പെട്ടിട്ടുണ്ട്.

2. തൊഴിൽനികുതി (ട്രേഡേഴ്സ്), ഡി ആന്റ് ഒ ലൈസൻസ് ഫീ, കെട്ടിടനിർമ്മാണ പെർമിറ്റ് ഫീ എന്നിവക്കായി തയ്യാറാക്കിയ രജിസ്റ്ററുകളിൽ പേജ് ക്രമത്തിലുള്ള തുകയുടെ സംഗ്രഹം ചേർക്കാതെ ആകെ ഡിമാന്റ്, കളക്ഷൻ തുക ചേർത്തത് പ്രകാരമുള്ള തുകയുടെ കൃത്യത ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3. 03/2019ലെ ശമ്പള കുടിശ്ശിക പരിശോധിച്ചതിൽ (ബാലൻഷീറ്റ് B4 ഷെഡ്യൂൾ) ശ്രീമതി ബേബി സരോജം, സെക്രട്ടറിയുടെ 07/2017 ലെ KPEPF 10,000/-, SLI 250/-, GIS 400/- എന്നീ ശമ്പള

റിക്കവറികളും ഉൾപ്പെടുന്നു.

4. ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസിസ്റ്റന്റ് എഞ്ചീനീയർ, വി.ഇ.ഒ, മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) എന്നിവർ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 16) നിർദ്ദേശിക്കും പ്രകാരം സബ്സിഡിയറി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നില്ല.

5. അസ്സറ്റ് രജിസ്റ്റർ മൂല്യനിർണ്ണയം നടത്തി കാലികമാക്കിയിട്ടില്ലാത്തതിനാൽ ബി 11 ഷെഡ്യൂളിൽ ഉൾപ്പെട്ട സ്റ്റോക്കിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

1-12 ഡി & ഒ/ഫാക്ടിയോസ് ലൈസൻസ് പരിശോധന - അപാകതകൾ

2018-19 വർഷത്തിൽ ഗ്രാമ പഞ്ചായത്ത് ഡി & ഒലൈസൻസ്/ഫാക്ടിയോസ് ലൈസൻസ് നൽകിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ പറയുന്നു,

1. ലൈസൻസിന് പഴയ മാതൃക പിന്തുടരുന്നു

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഒ.(പി) നം.80/2017/ ത.സ്വ.ഭ.വ, എസ്.ആർ.ഒ നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപന പ്രകാരം 1996 ലെ കേരള പഞ്ചായത്ത് രാജ് (അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി വിജ്ഞാപനത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് ചട്ടത്തിന്റെ പേരിലെ ബ്രാക്കറ്റിലുള്ള ഭാഗം (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്. കൂടാതെ ചട്ടം 10 ലെ പട്ടിക-II ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ചട്ടം 7 പ്രകാരം II -ാം പട്ടികയിൽ അധികരിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് ചുമത്താവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത്, 31.10.2017 ൽ നിലവിൽ വന്ന ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്ക് 2018-19 വർഷത്തിൽ നടപ്പാക്കിയിട്ടില്ല. അപേക്ഷയിലോ അനുബന്ധരേഖകളിലോ പരിശോധന റിപ്പോർട്ടിലോ മൂലധന നിക്ഷേപം സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുമില്ല. പഴയ മാതൃകയിൽ തന്നെയാണ് ലൈസൻസ് ഫീസ് നിർണ്ണയിച്ചതും ലൈസൻസ് നൽകിയതും.

ഓഡിറ്റ് എൻകൃയറി നമ്പർ.05/27.12.2019ന് ലഭ്യമാക്കിയ മറുപടിയിൽ 2019-

2020ൽ പുതിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് നൽകുന്നത് എന്ന് അറിയിച്ചിട്ടുണ്ട്. മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിർണ്ണയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഉത്തരവ് നടപ്പാക്കാനുണ്ടായ കാലതാമസത്തിന് കാരണം വ്യക്തമാക്കേണ്ടതാണ്.

2. മലിനീകരണ സർട്ടിഫിക്കറ്റിന്റെ കാലാവധി പരിഗണിക്കാതെ ലൈസൻസ് നൽകി.

ചുവടെ ചേർത്ത ലൈസൻസുകൾ അനുവദിച്ചപ്പോൾ അപേക്ഷകർ സമർപ്പിച്ച PCB കൺസന്റ് ടു ഓപ്പറേറ്റ് സർട്ടിഫിക്കറ്റിന്റെ കാലാവധി 2018-19 സാമ്പത്തിക വർഷത്തിന്റെ ഇടക്ക് വെച്ച് അവസാനിക്കുന്നതായിട്ടും ആയത് പരിഗണിക്കാതെയാണ് സാമ്പത്തിക വർഷം അവസാനിക്കുന്നതു വരെയുള്ള ലൈസൻസ് അനുവദിച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമനം	ലൈസൻസ് നമ്പർ	ലൈസൻസ് നേടിയ ആളുടെ പേര്	ലൈസൻസിന്റെ ഉദ്ദേശം	മലനീകരണ സർട്ടിഫിക്കറ്റിന്റെ കാലാവധി അവസാനിക്കുന്നത്
1	16	ശ്രീ.എടയാടി കുമ്മംതൊടി അഹമ്മദ് കോയ	ക്രഷർ നടത്തുന്നതിന്	30-06-2018
2	15	ശ്രീ.എടയാടി കുമ്മംതൊടി അഹമ്മദ് കോയ	ഹോളോബ്രിക്സ് നിർമ്മാണത്തിന്	31-07-2018
3	286	ശ്രീ. ജഹ്ഫർ മൂലത്തിൽ	ഹോളോബ്രിക്സ് നിർമ്മാണത്തിന്	30-11-2018

ഓഡിറ്റ് എൻകൃയറി നമ്പർ.05/27.12.2019ന് ലഭ്യമാക്കിയ മറുപടിയുടെ കൂടെ പട്ടിക പ്രകാരമുള്ളവയുടെ പുതുക്കിയ മലനീകരണ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-13 തൊഴിൽ നികുതി-ഈടാക്കിയില്ല

2018-19 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററുകളും റിട്ടേണുകളും പരിശോധിച്ചതിൽ

ഓഡിറ്റ് വർഷത്തിൽ ചുവടെ ചേർത്ത ജീവനക്കാരിൽ നിന്നും 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 പ്രകാരമുള്ള തൊഴിൽ നികുതി ഈടാക്കിയിട്ടില്ല . ആയതിന്റെ വിശദ വിവരം താഴെ പറയുന്നു.

ക്രമനം	ജീവനക്കാരന്റെ പേര്	തസ്തിക/ സ്ഥാപനം	നികുതി ഈടാക്കാത്ത അർദ്ധ വർഷം, വരുമാനം	ഈടാക്കേണ്ടിയിരുന്ന നികുതി
1	ശ്രീമതി അജിത	പാലിയേറ്റീവ് നഴ്സ്	I,II (90,000+60000)*	750+600=1350
2	ശ്രീ.ഖാലിദ്	പാലിയേറ്റീവ് ഡ്രൈവർ	I,II (96,000+69000)*	750+600=1350
3	ശ്രീ.അഭിനന്ദ് ആർ	ഒ.എ, ഗവ.പോളി-കോളേജ്, ചേളാരി	II, ലഭ്യമല്ല. (ആദ്യ അർദ്ധവർഷം അടവാക്കിയിട്ടുണ്ട്)	-
4	ശ്രീ.നാരായണൻകുട്ടി	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്	I, ലഭ്യമല്ല. (രണ്ടാം അർദ്ധവർഷം അടവാക്കിയിട്ടുണ്ട്)	-
5	ശ്രീ.അബ്ദുൽ ഗഫൂർ	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്	I, ലഭ്യമല്ല. (ടി)	-
6	ശ്രീ.അബ്ദുൽ കരീം	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്	I, ലഭ്യമല്ല.(ടി)	-
7	ശ്രീമതി ഉഷാദേവി	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ്	I, ലഭ്യമല്ല. (ടി)	-

		സഹകരണ ബാങ്ക്		
8	ശ്രീമതി കദീജ കെ	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്	I, ലഭ്യമല്ല. (ടി)	-
9	ശ്രീമതി സൈനബ കെ	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്	I, ലഭ്യമല്ല.(ടി)	-
10	ശ്രീമതി സുഹ്റാബി.എൻ.എം	കളക്ഷൻ ഏജന്റ്, വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്ക്	I, ലഭ്യമല്ല. (ടി)	-

(*റിട്ടേണുകൾ സമർപ്പിച്ചിട്ടില്ല, പാലിയേറ്റീവ് പദ്ധതിയുടെ ചെലവ് രേഖകൾ പ്രകാരം കൈപ്പറ്റിയ വേതനമാണ് ചേർത്തിരിക്കുന്നത്)

അപാകതക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ.06/27.12.2019 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതികൾ ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. മേൽ നികുതികൾ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-14 കെട്ടിടങ്ങളുടെ നമ്പറും ഉപയോഗക്രമവും പരിശോധിക്കാതെ ഡി&ഒ ലൈസൻസ് അനുവദിച്ചു- ചട്ടലംഘനം, വസ്തുനികുതി കുറവ്.

2018-19 സാമ്പത്തിക വർഷത്തിൽ ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ള വിവിധ സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളിൽ പ്രസ്തുത സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയ കെട്ടിടങ്ങളെ സംബന്ധിച്ച വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധിച്ചപ്പോൾ ചില കെട്ടിടങ്ങളുടെ ഉപയോഗക്രമം വാണിജ്യമോ വ്യവസായമോ അല്ല എന്നും പാർപ്പിടാവശ്യം, ആരാധനാലയം എന്നിവയാണെന്നും കണ്ടു. അതായത്, പാർപ്പിടാവശ്യം/ആരാധനാലയം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള കെട്ടിടങ്ങളിൽ വ്യവസായ /

വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള ഉപയോഗക്രമം പരിശോധിച്ച് ആവശ്യമായ വിനിയോഗമാറ്റം നടത്താതെയാണ് ഡി & ഒ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. ഇത് ചട്ടലംഘനമാണ്. മാത്രമല്ല ഇതുമൂലം വസ്തുനികുതി ഇനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയിലും വലിയ കുറവ് സംഭവിക്കുന്നുണ്ട്. വിശദവിവരങ്ങൾ താഴെ പട്ടികയിൽ കൊടുക്കുന്നു.

ക്രമനം	ഡി&ഒ ലൈസൻസ് നമ്പർ	അപേക്ഷ പ്രകാരമുള്ള കെട്ടിട നമ്പർ	ലൈസൻസ് അനുവദിക്കപ്പെട്ട വ്യക്തി, സ്ഥാപനം	സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ ഉടമ, തരം, വിസ്തീർണ്ണം
1	374	4/632	ശ്രീ. ബിച്ചേക്കു, അൽ അമീൻ ഓയിൽ&ഫ്ലോർ മിൽ	പാലത്തിങ്ങൽ ബിച്ചേക്കു, പാർപ്പിടം, 85.54 ച.മീ.
2	581	22/586	റാഹത്ത് ഓയിൽ&ഫ്ലോർ മില്	മണക്കടവൻ അബ്ദുൽ അസീസ്, പാർപ്പിടം, 48 ച.മീ.
3	291	1/155	ശ്രീ. ഫിറോസ് പി.വി, മെറ്റൽ ഇന്ഡസ്ട്രീസ്	പരോളി മണ്ഡപം, ആരാധനാലയം, 35 ച.മീ.

2011ലെ വസ്തുനികുതി പരിഷ്കരണ ഉത്തരവ് ചട്ടം 17 (1) പ്രകാരം ഒരു കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയിക്കപ്പെട്ടതിനുശേഷം കെട്ടിടത്തിന്റെ തറവിസ്തീർണ്ണത്തിലോ ഉപയോഗക്രമത്തിലോ കെട്ടിട ഉടമ വരുത്തുന്ന ഏതൊരു മാറ്റവും മുപ്പതുദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും പുതുക്കിയ വസ്തുനികുതി റിട്ടേൺ സമർപ്പിക്കേണ്ടതുമാണ്. ചട്ടം 17(2) പ്രകാരം ഇപ്രകാരമുള്ള ബാദ്ധ്യത കെട്ടിട ഉടമ നിറവേറ്റാത്ത പക്ഷം സെക്രട്ടറിക്ക് അയാളുടെ മേൽ 1000/- രൂപ അല്ലെങ്കിൽ പുതുക്കിയ വസ്തുനികുതി നിർണ്ണയം മൂലമുണ്ടാകുന്ന നികുതി വർദ്ധനവ് ഏതാണ് അധികമെങ്കിൽ അത് പിഴയായി ചുമത്താവുന്നതാണ്. ഉപചട്ടം 3 ൽ ഇപ്രകാരം 1 -ാം ഉപചട്ട പ്രകാരമുള്ള മാറ്റത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി അതാത് വർഷാരംഭം മുതൽ പ്രാബല്യത്തോടെ സെക്രട്ടറി പുനർനിർണ്ണയിക്കേണ്ടതും അതിനനുസരിച്ച് വസ്തുനികുതി നിർണ്ണയ രജിസ്റ്ററിലും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററിലും ഭേദഗതി വരുത്തേണ്ടതും കെട്ടിട ഉടമക്ക് പുതുക്കിയ ഡിമാന്റ് നോട്ടീസ് നൽകേണ്ടതുമാണെന്ന് വ്യക്തമാക്കുന്നുണ്ട്. എന്നാൽ ഇപ്രകാരമുള്ള നടപടികൾ ഒന്നും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചതായി കാണുന്നില്ല.

ഓഡിറ്റ് എൻകയറി നമ്പർ.08/27.12.2019ന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ മൂന്ന് പ്രകാരമുള്ള ലൈസൻസിൽ കെട്ടിട നമ്പർ 1/555 എന്നത് 1/155 എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഇത് വാണിജ്യ കെട്ടിടമാണെന്നും, മറ്റ് രണ്ട് (ക്രമനം.1,2)കെട്ടിടങ്ങളുടെ വിവരം സഞ്ചയയിൽ മാറ്റം വരുത്തി അറിയിക്കുന്നതാണെന്നും അറിയിച്ചു. ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതും മേൽ കെട്ടിടങ്ങളുടെ നികുതികൾ സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി പുതുക്കി നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

1-15 കെട്ടിട നിർമ്മാണം പൂർത്തിയായതു മുതലുള്ള വസ്തുനികുതി ഈടാക്കിയില്ല 42486.5/- രൂപ നഷ്ടം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി കെട്ടിടം നിർമ്മാണം പൂർത്തിയായ അർദ്ധ വർഷം മുതൽ തന്നെ ഈടാക്കേണ്ടതാണ്. അർദ്ധ വർഷത്തിലെ അവസാന രണ്ട് മാസങ്ങളിലാണ് നിർമ്മാണം പൂർത്തീകരിച്ചതെങ്കിൽ തൊട്ടടുത്ത അർദ്ധ വർഷം മുതൽ നികുതി ചുമത്തി ഈടാക്കുന്നതിന് ചട്ടപ്രകാരം വ്യവസ്ഥയുണ്ട് (ചട്ടം 24). എന്നാൽ ചുവടെ ചേർത്ത കെട്ടിടങ്ങളുടെ നികുതികൾ നിർമ്മാണം പൂർത്തീകരിച്ച അർദ്ധ വർഷം മുതൽ ഈടാക്കേണ്ടതായിരുന്നിട്ടും അപ്രകാരം ചെയ്യാതെ തൊട്ടടുത്ത അർദ്ധ വർഷം മുതൽക്കാണ് നികുതി ചുമത്തി ഈടാക്കിക്കിയിട്ടുള്ളത്.

ക്രമനം	കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം	കെട്ടിടത്തിന്റെ നമ്പർ, ആകെ വിസ്തീർണ്ണം	നികുതി ഈടാക്കേണ്ടിയിരുന്ന അർദ്ധ വർഷം, അപേക്ഷ/ ഓവർസിയറുടെ റിപ്പോർട്ട്/കംപ്ലീഷൻ സർട്ടിഫിക്കറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച തിയതി	നികുതി ഈടാക്കിത്തുടങ്ങിയ അർദ്ധവർഷം, നിർണ്ണയിച്ച വാർഷിക വസ്തുനികുതി	
				നികുതി	ഗ്രന്ഥശാല വരി
1	ശ്രീ. കഴുങ്ങുംതോട്ടത്തിൽ അബ്ദുറഹീം ഫൈസി ഓഫീസ് ആവശ്യ കെട്ടിടം നികുതി നിരക്ക്: 50/m2	8/126 A, B. 285.17 m^2	2017-18 രണ്ടാം അർദ്ധ വർഷം, 28.09.2017 /09.10.17 നികുതി നിർണ്ണയിച്ച തിയതി: 21-04-2018	2018-19 ഒന്നാം അർദ്ധ വർഷം, വിവിധ വിസ്തീർണ്ണത്തിലുള്ള 8/327 A,B എന്നീ രണ്ട് കെട്ടിട നമ്പറുകളിലായി ആകെ വാർഷിക വസ്തുനികുതി: 15685/- 2017-18 രണ്ടാം അർദ്ധ വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന നികുതി=15685/2= 7842.5/-	785/2 =392.5
2	ശ്രീ. പാറയിൽ തേങ്ങാട്ട് ഉമ്മർ ഹാജി. 200 m2 മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം,	22/68 A, 632 m2	2017-18 രണ്ടാം അർദ്ധ വർഷം, 12.01.2018 നികുതി നിർണ്ണയിച്ച തിയതി: 06.02.2018	2018-19 ഒന്നാം അർദ്ധ വർഷം, ആകെ വാർഷിക വസ്തുനികുതി: 62568/-	3129/2=1564.5

	നികുതി നിരക്ക്: 90/m2			2017-18 രണ്ടാം അർദ്ധ വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന നികുതി=62568/2= 31284/-	
3	ശ്രീ. ചേരുമൂടൻ യൂനസ് വാണിജ്യ ആവശ്യ കെട്ടിടം നികുതി നിരക്ക്: 60/m2	14/201 A to D. 49.2 m^2	2017-18 രണ്ടാം അർദ്ധ വർഷം, 03.11.2017 നികുതി നിർണ്ണയിച്ച തിയതി: 11-04-2018	2018-19 ഒന്നാം അർദ്ധ വർഷം, വിവിധ വിസ്തീർണ്ണത്തിലുള്ള 8/327 A,B,C,D എന്നീ നാല് കെട്ടിട നമ്പറുകളിലായി ആകെ വാർഷിക വസ്തുനികുതി: 2664/- 2017-18 രണ്ടാം അർദ്ധ വർഷത്തേക്ക് ഈടാക്കേണ്ടിയിരുന്ന നികുതി=2664/2= 1332/-	136/2 =68
ആകെ				40458.5	2025/-

ആകെ 42483.5/-(40458.5+2025) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻകയറി നമ്പർ.07/27.12.2019ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ മൂന്ന് ഉടമകളിൽ നിന്നും തുകകൾ ഈടാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. തുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-16 സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാതെ നികുതി നിർണ്ണയിച്ചു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരമുള്ള വസ്തുനികുതി താഴെ പറയുന്ന അപേക്ഷകനിൽ നിന്ന് നിർണ്ണയിച്ച് ഈടാക്കിയപ്പോൾ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ആകെ വിസ്തീർണ്ണത്തിലുൾപ്പെടുന്ന സ്റ്റെയർ റൂമിന്റെ വിസ്തീർണ്ണം കണക്കിലെടുക്കാത്തതിനാൽ വസ്തു നികുതി ഇനത്തിൽ പഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

കെട്ടിട ഉടമയുടെ പേര്, കെട്ടിടത്തിന്റെ തരം , നികുതി നിരക്ക്	കെട്ടിടത്തിന്റെ നമ്പർ, കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള	കംപ്ലീഷൻ പ്ലാൻ പ്രകാരം സ്റ്റെയർ റൂമിന് നിർണ്ണയിച്ച് ഈടാക്കേണ്ടിയിരുന്ന തുക	
		നികുതി	ഗ്രന്ഥശാല വരി

	വിസ്തീർണ്ണം, നികുതി നിർണ്ണയിച്ച തിയതി		
പ്രസിഡണ്ട്, അൻസാറുൽ ഇസ്ലാം സംഘം, എടക്കണ്ടത്തിൽ, തയ്യിലക്കടവ്. 100 m2 വരെയുള്ള വാണിജ്യ കെട്ടിടം നികുതി നിരക്ക്; 60/m2	1/363 D,E,F,G. ഒന്നാം നില-151.22 m^2 സ്റ്റെയർ റൂം-11.46 m^2 താഴത്തെ നില-139.78 m^2 (നിലവിലുള്ളത്) നികുതി നിർണ്ണയിച്ച തിയതി : 16.11.18	719/- ((11.46x60=687.6+20%-10%=756.36)-5%=718.54) വഴി വർദ്ധന :20%, മേഖല ഇളവ്: 10%, ഒന്നാം നില ഇളവ് :5%	36

ആകെ 755/-(719+36) രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഓഡിറ്റ് എൻകയറി നമ്പർ.09/27.12.2019ന് ലഭ്യമാക്കിയ മറുപടിയിൽ സഞ്ചയയിൽ ആവശ്യമായ മാറ്റം വരുത്തി അറിയിക്കുന്നതാണെന്നറിയിച്ചു. വരും വർഷങ്ങളിലും നികുതി നഷ്ടം ആവർത്തിക്കുന്നതാണ് എന്നതിനാൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി നികുതി പുതുക്കി നിർണ്ണയിച്ച് നഷ്ടതുക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-17 കൗണ്ടർ കളക്ഷൻ തുക ബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയില്ല

ദിനേനയുള്ള കൗണ്ടർ കളക്ഷൻ തുകകൾ വെളിമുക്ക് സർവ്വീസ് സഹകരണ ബാങ്കിൽ തനത് ഫണ്ടിന് വേണ്ടി സെക്രട്ടറിയുടെ പേരിലുള്ള 0020050002468 നമ്പർ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. പണം ഒടുക്ക് പിൻവലിക്കലുകൾ പരിശോധിച്ചതിൽ 10-08-2018 ലെ കൗണ്ടർ കളക്ഷൻ തുക 4605/- രൂപ മേൽ അക്കൗണ്ടിൽ വരവ് വെച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടു. എന്നാൽ 13-08-18 ലെ മേൽ ബാങ്കിന്റെ R9136 നമ്പർ രസീത് പ്രകാരം 4605/- രൂപ ശ്രീ. മൂസ കൊളങ്ങാത്ത് എന്നവരുടെ പേരിലുള്ള 0010010004489 നമ്പർ ലോൺ അക്കൗണ്ടിൽ അടവാക്കിയതായും മേൽ രസീത് 10-08-2018 ലെ ഡേ ബുക്കിൽ പതിച്ചതായും കണ്ടു. അപാകത സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം. 15/31-12-2019) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തനത് ഫണ്ടിൽ അടവാക്കേണ്ടതും അപാകതക്ക് വിശദീകരണം ലഭ്യമാക്കേണ്ടതുമാണ്.

1-18 എസ്.സി വനിതകൾക്കുള്ള വിവാഹ ധനസഹായം-പട്ടിക ജാതി വികസന വകുപ്പിൽ നിന്നുള്ള

സാക്ഷ്യ പത്രം ഹാജരാക്കിയില്ല

താഴെപ്പറയുന്ന പട്ടിക ജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായമായി ₹75000/-വീതം ഗ്രാമ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടുണ്ട്.എന്നാൽ ഇതേ അവശ്യത്തിന് പട്ടിക ജാതി വികസന വകുപ്പിൽ നിന്നും ധനസഹായം കൈപ്പറ്റിയിട്ടില്ലെന്ന് തെളിയിക്കുന്ന സാക്ഷ്യ പത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഗുണഭോക്താവിന്റെ പേര്	കൈപ്പറ്റിയ തുക(₹)	ബിൽ നം/തീയതി
ശ്രീജ കുറുത്തേടത്ത്	75000	1/12.6.18
സരസ്വതി ചന്ദ്രൻ	75000	10/14.11.18
നായാടി കെ	75000	2/12.6.18
കുട്ടിനാഗൻ പത്തൂർ	75000	3/12.6.18
രാധ വാർത്തേട്ടിൽ	75000	4/30.6.18
	375000	

രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ ₹375000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-19 മുൻകൂർ/ഡെപ്പോസിറ്റ് തുകകളുടെ വിനിയോഗ വിവരം ലഭ്യമല്ല

താഴെപ്പറയുന്ന മുൻകൂർ/ഡെപ്പോസിറ്റ് തുകളുടെ വിനിയോഗ വിവരം ലഭ്യമാക്കാത്തതിനാൽ ₹2837345/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

മുൻകൂർ കൈപ്പറ്റിയ ഏജൻസി/ നിർവ്വഹണ ഉദ്യോഗസ്ഥൻ	തുക(₹)	ബിൽ നം/ ചെക്ക് നം.&തീയതി	പ്രവൃത്തിയുടെ ഉദ്ദേശ്യം
എസ്.എസ്.എ ജില്ലാ പ്രോജക്ട് ഓഫിസർ	2000000	2/13.6.18	പ്രോജക്ട് നം.2/19 എസ്.എസ്.എ. വിഹിതം നൽകൽ
മെഡിക്കൽ ഓഫീസർ പി.എച്ച്.സി	230000	ചെക്ക് നം.2673530 തീ.6.6.18	ആരോഗ്യ ജാഗ്രത ശുചീകരണ പ്രവർത്തനങ്ങൾ
കേരള ഇലക്ട്രിസിറ്റി ബോർഡ്	303000	808869/22.2.19	മുള്ളമടക്കൽ കാട്ടൂർ കെ.എസ്.ഇ.ബി ഇലക്ട്രിക് ലൈൻ ത്രീ ഫേസ് അക്കൽ(138/19)
	228490	80081/31.1.19	ഉമ്മാത്തൻകണ്ടി ചെർളി ഭാഗത്ത് ത്രീ ഫേസ് ലൈൻ വലിക്കൽ(147/19)
	75855	80081/31.1.19	ചെർളി ഭാഗത്ത് ത്രീ ഫേസ് ലൈൻ വലിക്കൽ(213/19)
	2837345		

1-20 ലൈഫ് ഭവന പദ്ധതി-ഒന്നാം ഗഡു മുൻകൂറായി കൈപ്പറ്റിയ ഗുണഭോക്താവ് ഭവന നിർമ്മാണം നാളിതുവരെയും തുടങ്ങിയിട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ
പ്രോജക്ട് നം.	33/19
ബിൽ നം&തുക	2/31.5.18,₹400000/-

ശ്രീമതി സുലേഖ ,ബാലേരി വീട്,മുന്നിയൂർ എന്ന ഗുണഭോക്താവ് ലൈഫ് ഭവന പദ്ധതി മുൻകൂറായി ₹40000/-നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവന നിർമ്മാണം നാളിതുവരെയായിട്ടും തുടങ്ങിയിട്ടില്ല.ഭവന നിർമ്മാണം പൂർത്തീകരിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് മറുപടി നൽകിയിട്ടില്ല.ഭവന നിർമമ്മാണം നാളിതു വരെയും തുടങ്ങാത്ത സാഹചര്യത്തിൽ ₹40000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 ദിവസ വേതനാടിസ്ഥാനത്തിൽ ക്ലർക്ക് നിയമനം-സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല

ഗ്രാമ പഞ്ചായത്തുകളിലെ ജോലി തിരക്ക് പരിഗണിച്ച് 100 ദിവസത്തേക്ക് ദിവസ വേതനാടിസ്ഥാനത്തിൽ ഓരോ ക്ലർക്കുമാരെ നിയമിക്കുന്നതിന് 02.03.09 ലെ 79805/ഇ.പി.എ/8 നമ്പർ സർക്കുലർ പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും അനുവാദം ലഭിച്ചിട്ടുണ്ട്.പ്രസ്തുത സർക്കുലറിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മിറ്റിയുടെ 31.3.18 ലെ 13/1 നമ്പർ തീരുമാന പ്രകാരം ശ്രീ മുഹമ്മദ് റഹീദ് എ.പി എന്നയാൾക്ക് താൽക്കാലികമായി ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.താൽക്കാലികാടിസ്ഥാനത്തിൽ ദിവസ വേതനത്തിന് ക്ലർക്ക് തസ്തികയിൽ നിയമനം നൽകിയ ശ്രീ എ.പി മുഹമ്മദ് റഹീദിന് 2018-19 സാമ്പത്തിക വർഷം മുഴുവൻ വേതനം നൽകിയിട്ടുണ്ട്.ഒരു വർഷം പരമാവധി 100 ദിവസത്തേക്കാണ് താൽക്കാലിക നിയമനത്തിന് അംഗീകാരം നൽകിയിട്ടുള്ളതേങ്കിലും ഓരോ 100 ദിവസത്തിനു ശേഷവും നിയമനം പുതുക്കി നൽകിയിട്ടുണ്ട്. ക്ലർക്ക് തസ്തികയിൽ 100 ദിവസത്തിൽ കൂടുതൽ നിയമനം നൽകിയത് സംബന്ധിച്ച് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.വേതനം നൽകിയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

മാസം	നൽകിയ വേതനം	ചെക്ക് നം./തീയതി
4/18	17750	80845/2.5.18
5/18	19850	80833/1.6.18
6/18	17750	80266/3.7.18
7/18	18125	80294/1.8.18
8/18	19725	76666/19.8.18
9/18	20300	76697/3.10.18
10/18	19575	7628/1.11.18
11/18	19575	76826/1.12.18
12/18	18850	76843/1.1.19
1/19	18850	80087/2.2.19

2/19	16675	80115/1.3.19
3/19	20300	80224/1.4.19

ക്ലർക്ക് നിയമനം സംബന്ധിച്ച് തദ്ദേശ സ്വയം ഭരണ വകുപ്പ് സർക്കുലറിലെ നിർദ്ദേശങ്ങൾ പാലിക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദീകരണം നൽകിയിട്ടില്ല.ക്ലറിക്കൽ തസ്തികയിലെ താൽക്കാലിക നിയമനത്തിന് സർക്കാരിൽ നിന്നും അംഗീകാരം വാങ്ങേണ്ടതാണ്.

1-22 വാഴകൃഷിക്ക് ജൈവവളം- പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ

പ്രൊജക്ട് നമ്പർ 77/19

ചെലവ് 6,78,000 വികസന ഫണ്ട് -ജനറൽ

ട്രഷറി ബിൽ 3/13.12.18

നിർവ്വഹണം- കൃഷി ഓഫീസർ

പ്രൊജക്ട് നിർവ്വഹണത്തിൽ താഴെ പരാമർശിക്കുന്ന അപാകതകൾ ഉണ്ടായിരിക്കുന്നു.

1. ശ്രീ.വി.സുരേന്ദ്രൻ എന്ന ഗുണഭോക്താവ് സമർപ്പിച്ച അപേക്ഷയിൽ 50 സെന്റ് പാട്ട സ്ഥലത്ത് (സർവ്വേ 326/3) വാഴകൃഷി നടത്തുന്നതായി അവകാശപ്പെടുന്നു.50 സെന്റ് സ്ഥലത്ത് ശാസ്ത്രീയമായി കൃഷി ചെയ്യാവുന്ന വാഴകളുടെ എണ്ണം 500 ആണ്. എന്നാൽ കൃഷി ഓഫീസറുടെ റിപ്പോർട്ടിൽ 1350 എണ്ണം കൃഷി ചെയ്തതായി രേഖപ്പെടുത്തി ഒന്നിന് 10 കി.ഗ്രാം വീതം 6 രൂപ നിരക്കിൽ ഉണക്ക ചാണക വിലയായ 81000 രൂപയുടെ 50% തുകയായ 40500 രൂപ സബ്സിഡി നൽകിയിരിക്കുന്നു. അപേക്ഷ പ്രകാരമുള്ള സ്ഥല വിസ്തൃതിയിൽ നിജപ്പെടുത്തിയിട്ടില്ല. (അധികം നൽകിയത് 40500 – 15000 =25500)

2. കദീസു മാളിയേക്കൽ എന്ന ഗുണഭോക്താവ് തന്റെ അപേക്ഷയിൽ സർവ്വേ 202/1 ലെ 1 ഏക്കർ പാട്ട സ്ഥലത്ത് 500 വാഴകൾ കൃഷി ചെയ്യുന്നതായി പറയുന്നു. എന്നാൽ 1400 വാഴകൾക്ക് വളത്തിന്റെ വിലയുടെ 50% ആയ 42000 രൂപ നൽകിയിട്ടുണ്ട്. (അധികം നൽകിയത് 42000 – 15000 =27000))

3. പ്രമോദ് കുഴിക്കാട്ടിൽ എന്ന ഗുണഭോക്താവ് അപേക്ഷയിൽ സർവ്വേ 126/1 ലെ 1 ഏക്കർ പാട്ട ഭൂമിയിൽ 500 വാഴ കൃഷി ചെയ്യുന്നതായി പറയുന്നു. എന്നാൽ 1350 വാഴകൾക്ക് ആവശ്യമായ വളം വിലയുടെ 50% തുകയായ 40500 രൂപ അനുവദിച്ചിരിക്കുന്നു. (അധികം നൽകിയത് 40500 – 15000 =25500)

4. സനൽ കുന്നത്ത് എന്ന ഗുണഭോക്താവ് അപേക്ഷയിൽ സർവ്വേ 340/1 ലെ 1 ഏക്കർ പാട്ട ഭൂമിയിൽ 500 വാഴ കൃഷി ചെയ്യുന്നതായി പറയുന്നു. എന്നാൽ 1350 വാഴകൾക്ക് ആവശ്യമായ വളം വിലയുടെ 50% തുകയായ 40500 രൂപ അനുവദിച്ചിരിക്കുന്നു. (അധികം നൽകിയത് 40500 – 15000 =25500)

അപാകതകൾക്ക് രേഖാമൂലം മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 14/31.12.19 നമ്പർ അന്വേഷണക്കുറിപ്പിന് യഥാർത്ഥത്തിൽ അന്വേഷണം നടത്തി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നൽകിയത് എന്നും രേഖകൾ പരിശോധനക്ക് ഹാജരാക്കുന്നതാണ് എന്നും അറിയിച്ചു.രേഖകൾ ഹാജരാക്കുന്നത് വരെ അധിക ചെലവായ 1,03,500 രൂപ തടസ്സം ചെയ്യുന്നു.

1-23 പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ- മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല

ട്രഷറി ബിൽ നമ്പർ 10/21.12.18.

നിർവ്വഹണം -മെഡിക്കൽ ഓഫീസർ ,പി.എച്ച്.സി

പാലിയേറ്റീവ് ക്ലിനിക്കുകൾക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകൽ (100/19) എന്ന പ്രൊജക്ടിൽ പ്രതീക്ഷ പെയിൻ ആന്റ് പാലിയേറ്റീവ് ക്ലിനിക്ക്, വെളിമുക്ക് പാലിയേറ്റീവ് സെന്റർ എന്നിവക്ക് ഒരു ലക്ഷം വീതമുള്ള മരുന്നുകൾ വാങ്ങി നൽകുന്നതിനായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് രണ്ട് ലക്ഷം രൂപ കൈമാറിയതിൽ 115463 രൂപയുടെ മരുന്നുകൾ ലഭ്യമായതിന്റെ ഇൻവോയ്സ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ട്. ബാക്കി 84537 രൂപയുടെ മരുന്നുകൾ നാളിത് വരെയും ലഭ്യമായിട്ടില്ല.മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവ് തുക 84537/-രൂപ ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.

1-24 കുന്നത്തെയിൽ കാര്യാട് വാട്ടർ സപ്ലൈ സ്കീം - സിവിൽ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല.

പ്രൊജക്ട് നം : 155/19

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ

2017-18 ൽ പ്രൊജക്ട് നമ്പർ 36/18 ആയി നിർവ്വഹണം ആരംഭിച്ച ഈ പ്രൊജക്ടിന്റെ എസ്റ്റിമേറ്റിൽ പമ്പ് ഹൗസ് നിർമ്മിക്കലും കിണർ ആഴം കൂട്ടലും പ്ലംബിംഗ് പ്രവൃത്തികളും ഉൾക്കൊള്ളുന്ന സിവിൽ പ്രവൃത്തികൾക്കും, വൈദ്യുതീകരണത്തിനും തുക വകയിരുത്തിയിരുന്നു. ഇതിൽ സിവിൽ പ്രവൃത്തികളുടെ കരാർ എടുത്തത് ശ്രീ.എ.കെ.ബാബു എന്ന കരാറുകാരനും, (എഗ്രിമെന്റ് നമ്പർ 77/21.12.17,) വൈദ്യുതീകരണ പ്രവൃത്തികളുടെ കരാറെടുത്തത് ശ്രീ.മുഹമ്മദ് ഷാ എന്ന കരാറുകാരനുമാണ്, (എഗ്രിമെന്റ് നമ്പർ 02/13.06.17). ഈ പ്രൊജക്ട് പ്രകാരം നാളിതുവരെ ചെലവഴിച്ച തുകയുടെ വിശദാംശം താഴെ പറയുന്നു

ചെക്ക് നമ്പർ/ ബിൽ നമ്പർ	തുക	വിവരണം
2673523/31.3.2018	44488.00	സിവിൽ പ്രവൃത്തികളുടെ ഒന്നാം പാർട്ട് ബിൽ പ്രകാരമുള്ള തുക ശ്രീ.എ.കെ.ബാബുവിന് നൽകിയത്.
ബിൽ നം.3/26.5.2018	21525.00	
ബിൽ നം.5/26.5.2018	103072.00	വൈദ്യുതീകരണ പ്രവൃത്തികളുടെ ഫസ്റ്റ് &ഫൈനൽ ബിൽ പ്രകാരമുള്ള തുക ശ്രീ.മുഹമ്മദ് ഷാ ക്ക് നൽകിയത്.

സിവിൽ പ്രവൃത്തികൾക്കുള്ള എസ്റ്റിമേറ്റിൽ, നമ്പർ 2017/112650, 16 ഇനം പ്രവൃത്തികളാണ് ഉണ്ടായിരുന്നത്. ഇതിൽ പമ്പ് ഹൗസ് നിർമ്മിക്കുന്നതുവരെയുള്ള, ഇനം 8 വരെ, പ്രവൃത്തികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ഇതിന്റെ അളവെടുത്ത് പ്രവൃത്തിമൂല്യം 73348/- രൂപ എന്ന് കണക്കാക്കി വരുമാന നികുതി (734/-), നിർമ്മാണ തൊഴിലാളി ക്ഷേമ നിധി വിഹിതം (734/-), 10%

റിട്ടെൻഷൻ (7335) എന്നിവ കുറവ് വരുത്തി മേൽപ്പറഞ്ഞ പ്രകാരം ബിൽ തുക നൽകിയിട്ടുണ്ട്. ഇനം 9 മുതൽ 16 വരെയുള്ള പ്രവൃത്തികൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. പ്രവൃത്തി തുടരുന്നതിന് സാങ്കേതികമായി ബുദ്ധിമുട്ടുള്ളതായി കരാറുകാരൻ എഞ്ചിനീയറെ അറിയിച്ചതായോ, പ്രവൃത്തി പൂർത്തിയാക്കാൻ എഞ്ചിനീയർ കരാറുകാരന് നിർദ്ദേശം നൽകിയതായോ കാണുന്നില്ല. ഈ പ്രൊജക്ട് 2019-20 ൽ സ്പിൽ ഓവറായി തുടരുന്നുമില്ല. ഇത് സംബന്ധിച്ച അന്വേഷണത്തിന് കിണർ ആഴം കൂട്ടുന്നത് പ്രായോഗികമല്ലെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ വാക്കാൽ വിശദീകരണം നൽകിയിട്ടുണ്ട്. 30.12.2019 ന് ഗ്രാമപഞ്ചായത്ത് ഓവർസിയർ അഹമദ് ഷാ യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ പമ്പ് ഹൗസിൽ പാനൽബോർഡ് ഫിറ്റ് ചെയ്ത് പ്രവർത്തനക്ഷമമാക്കി നിലവിലുള്ള കിണറിൽ നിന്നും വെള്ളം പമ്പ് ചെയ്യുന്നതായി കണ്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഈ വിഷയത്തിൽ ഉചിതമായ അന്വേഷണം നടത്തേണ്ടതും, കരാറുകാരന്റെ വീഴ്ചമൂലമാണ് പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതിരുന്നത് എന്ന് കാണുന്ന പക്ഷം കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

1-25 പ്ലംബിംഗ് പ്രവൃത്തിയുടെ പ്രയോജനം ലഭ്യമായിട്ടില്ല.

തൻവർഷം നിർവ്വഹണം പൂർത്തിയാക്കിയ പ്രൊജക്ട് നമ്പർ 167/19 116 ാം നമ്പർ അംഗൻവാടി നിർമ്മാണം, 163/19 പത്തൂർ അംഗൻവാടി നിർമ്മാണം എന്നീ പ്രൊജക്ടുകൾ 30.12.19 ന് ഗ്രാമപഞ്ചായത്തിലെ ഗ്രേഡ് III ഓവർസിയർ ശ്രീ.അഹമദ് ഷാഫി യുടെ സാന്നിധ്യത്തിൽ ഭൗതികമായി പരിശോധിച്ചു. പ്രൊജക്ടുകളുടെ എസ്റ്റിമേറ്റ് പ്രകാരമുള്ള, പ്ലംബിംഗും വാട്ടർ ടാങ്ക് സ്ഥാപിക്കലുമുൾപ്പെടെയുള്ള, എല്ലാ പ്രവൃത്തികളും തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടെന്ന് പരിശോധനയിൽ കണ്ടു. എന്നാൽ, 116 ാം നമ്പർ അംഗൻവാടി വൈദ്യുതീകരിക്കാത്തതിനാലും , സ്വന്തമായി കിണറോ, പൈപ്പ് കണക്ഷനോ ഇല്ലാത്തതിനാലും 9100/- രൂപ ചെലവഴിച്ച 1000 ലിറ്ററിന്റെ വാട്ടർ ടാങ്ക് ലഭ്യമാക്കുന്നതുൾപ്പെടെയുള്ള പ്ലംബിംഗ് പ്രവൃത്തികളുടെ പ്രയോജനം നാളിതുവരെ ലഭ്യമായിട്ടില്ല . പത്തൂർ അംഗൻവാടി വൈദ്യുതീകരിച്ചിട്ടുണ്ടെങ്കിലും സ്വന്തമായി കിണറോ, പൈപ്പ് കണക്ഷനോ ഇല്ലാത്തതിനാൽ ഈ പ്രൊജക്ടിലും വാട്ടർ ടാങ്ക് സ്ഥാപിക്കുന്നതുൾപ്പെടെ, 9100/- രൂപ ചെലവ്, നിർവ്വഹിച്ച പ്ലംബിംഗ് പ്രവൃത്തികളുടെ പ്രയോജ്നം നാളിതുവരെ ലഭ്യമായിട്ടില്ല. മാത്രമല്ല, ഈ അംഗൻവാടിയുടെ ടെറസിൽ സ്ഥാപിച്ച 1000 ലിറ്ററിന്റെ വാട്ടർ ടാങ്ക് സമീപത്തെ പറമ്പിൽ ഇറക്കിവച്ചിരിക്കുന്നതായാണ് കണ്ടത്. ഈ സാഹചര്യത്തിൽ, ആവശ്യമായ പ്രൊജക്ടുകൾ ആവിഷ്കരിച്ച് മേൽ അംഗൻവാടികളിലെ പ്ലംബിംഗ് പ്രവൃത്തികൾ പ്രയോജനപ്രദമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. തൻവർഷം നിർവ്വഹണം പൂർത്തിയാക്കിയ മറ്റ് അംഗൻവാടി നിർമ്മാണ പ്രൊജക്ടുകളും പരിശോധനക്ക് വിധേയമാക്കി ഈ വിധത്തിലുള്ള അപാകത ഉണ്ടെങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

1-26 പുതുക്കിയ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെനടത്തിപ്പ്) ചട്ടങ്ങൾ

അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്തുകളിൽ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നത്. ഈ ചട്ടങ്ങളിൽ പറഞ്ഞിട്ടുള്ളവ ഒഴികെയുള്ള കാര്യങ്ങളിൽ പൊതുമരാമത്ത് വകുപ്പിൽ തൽസമയം അനുവർത്തിച്ചുവരുന്ന നടപടിക്രമങ്ങളാണ് പാലിക്കേണ്ടതെന്ന് മേൽ ചട്ടത്തിലെ ചട്ടം 18 ൽ വ്യക്തമാക്കിയിട്ടുണ്ട്. പൊതു മരാമത്ത് വകുപ്പിൽ 2012 ലെ പൊതു മരാമത്ത് മാന്വൽ അടിസ്ഥാനമാക്കിയാണ് മരാമത്ത് പ്രൊജക്ടുകൾ നിർവ്വഹിക്കുന്നത്. 1997 ലെ കേരള പഞ്ചായത്ത് രാജ് (പൊതു മരാമത്ത് പണികളുടെനടത്തിപ്പ്) ചട്ടങ്ങളിൽ കരാർ ചമക്കൽ , പ്രവൃത്തി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കൽ, നിശ്ചിത സമയത്തിനകം പൂർത്തീകരിക്കാത്ത പ്രവൃത്തികൾക്ക് പിഴ ചുമത്തൽ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ച് ചട്ടങ്ങൾ ഉൾക്കൊള്ളുന്നില്ല. ആയതിനാൽ ഈ വിഷയങ്ങളെ സംബന്ധിച്ച് 2012 ലെ പൊതുമരാമത്ത് മാന്വലിലെ നിർദേശങ്ങൾ ആണ് ഗ്രാമപഞ്ചായത്തുകൾക്ക് ബാധകം. എന്നാൽ പഞ്ചായത്തിൽ മാന്വൽ പ്രകാരമുള്ള നിബന്ധനകൾ ഈ വിഷയങ്ങളിൽ പാലിക്കുന്നില്ല. ഇതിന് പകരം പൊതുമരാമത്ത് മാന്വൽ പരിഷ്കരിക്കുന്നതിന് മുമ്പുള്ള വ്യവസ്ഥകളാണ് ഇപ്പോഴും പിൻതുടരുന്നത്. ഈ അപാകത പരിഹരിക്കേണ്ടതാണ്.

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ /തീയതി
2018-19	19-07-2019 മുതൽ 20-07-2019 വരെ	കെ.എസ്.എ.എം.പി.എം.15/1189/2019, തിയതി: 22-08-2019

4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	ലഭിച്ച തുക	പദ്ധതിയുടെ പേരും നമ്പറും	ചെലവഴിച്ച തുക	നീക്കിയിരിപ്പ്
ബ്ലോക്ക് പഞ്ചായത്ത്	500000	90/19,ഭിന്ന ശേഷി സ്കോളർഷിപ്പ്	497700	2300
	1500000	205/19, കുമ്മൻതൊടി തടയണ നിർമ്മാണം	1036085	463915
	540000	201/19, കുന്നത്ത് സ്കൂൾ ടോയ്ലറ്റ്	248459	291541
	540000	202/19, കളത്തിങ്ങൽ പാറ ടോയ്ലറ്റ്	274458	265542
	1456092	33/19, ലൈഫ് ജനറൽ	1456092	0
	275000	106/19, സമഗ്ര നെൽകൃഷിക്ക് വികസനം	275000	0
	1400000	52/19എസ്.സി വിദ്യാർത്ഥികൾക്ക് പഠന മുറി	700000	700000

	399267	162/19 തയ്യിലക്കടവ് അംഗനവാടി നിർമ്മാണം	380100	19167
	~~350000~~	~~191/19 കണ്ണം മൂച്ചിറ വി.സി.ബി റിപ്പെയർ~~	~~137656~~	~~212344~~
	110000	പ്രളയ ബാധിത പ്രദേശങ്ങളിൽ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന്	110000	0
ജില്ലാ പഞ്ചായത്ത്	499000	90/19, ഭിന്ന ശേഷി സ്കോളർഷിപ്പ്	496900	2100
	416020	33/19, ലൈഫ് ജനറൽ	416020	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് നിക്ഷേപ പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നമ്പർ,തീയ്യതി	മുൻകൂർ നല്കിയ തുക	ചെലവഴിച്ച തുക	പൂർത്തീകരിച്ച വിവരം	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി	കാളൂർ-ലൈൻ ത്രീഫേസ് ആക്കി മാറ്റൽ	21801088/ 22-2-19	303000	303000	UC ലഭ്യമായില്ല	0
	ഉമ്മാത്തൻകണ്ടി-അഡീഷണൽ പോസ്റ്റ് സ്ഥാപിച്ച ലൈൻ ത്രീഫേസ് ആക്കി മാറ്റൽ	21800998/ 31-1-19	200000	200000	UC ലഭ്യമായില്ല	0
	ഉമ്മാത്തൻകണ്ടി-ത്രീഫേസ് ലൈൻ വലിക്കൽ -അധിക വിഹിതം	21800992/ 19-1-19	28490	28490	UC ലഭ്യമായില്ല	0
	ചെർളി-ത്രീഫേസ് ലൈൻ വലിക്കൽ -അധിക വിഹിതം	21800991/ 19-1-19	75855	75855	UC ലഭ്യമായില്ല	0

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ /വായ്പ തിരിച്ചടവ്

ഇല്ല

4-6 സ്ഥിരനിക്ഷേപങ്ങൾ

എ) സ്ഥിരനിക്ഷേപങ്ങൾ

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം	22643914
തൻവർഷം നിക്ഷേപിച്ച തുക	2676896(പലിശ വരവ്)
ആകെ	25320810
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	25320810

ബി) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിശദവിവരം

നിക്ഷേപത്തിന്റെ വിവരം	തുക	രശീതി നമ്പർ
തിരുരങ്ങാടി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	515516	23046/10.06.2017
-do-	171876	2331/27.04.2013
-do-	665125	8499/17.01.2011
-do-	1315728	9806/17.11.2011
വെളിമുക്ക് സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	2847847	7624/27.11.2018
-do-	9492824	7623/21.11.2018
-do-	1898565	7625/27.11.2018
-do-	3919774	8039/03.12.2018
-do-	4493555	7774/27.11.2018
	25320810	

4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ ലഭിച്ച 3494/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രശീത് നമ്പർ / തിയ്യതി
1994-95,95-96	9	355	ശ്രീ.കെമൊയ്തുണ്ണി,സെക്രട്ടറി.	118020103785 തി.31.07.2018
1994-95,95-96	20	200	ശ്രീ.കെ മൊയ്തുണ്ണി,സെക്രട്ടറി.	118020103786 തി.31.07.2018
1994-95,95-96	29	966	ശ്രീ.കെ മൊയ്തുണ്ണി,സെക്രട്ടറി.	118020103787 തി.31.07.2018
1994-95,95-96	33	323	ശ്രീ.കെ മൊയ്തുണ്ണി,സെക്രട്ടറി.	118020103788 തി.31.07.2018

2008-09	3-5	550	ശ്രീ.മോഹനൻ പൂഴിക്കൽ, ജെ.എസ് ഇൻ ചാർജ്ജ്	118020104578 തി.04.09.2018
2017-18	2-2	200	ശ്രീമതി ബേബി സരോജം,സെക്രട്ടറി	118020106444 തി.29.10.2018
2017-18	3-5	700	ശ്രീമതി ബേബി സരോജം,സെക്രട്ടറി	118020106445 തി.29.10.2018
2017-18	3-5	200	ശ്രീമതി ബേബി സരോജം,സെക്രട്ടറി	118020106447 തി.29.10.2018

4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഓഡിറ്റ് വർഷം, ഖണ്ഡിക നമ്പർ	സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നമ്പർ	വിഷയം	നിലവിലെ അവസ്ഥ
1999-2002 ഖണ്ഡിക 18	2004-05 ഖണ്ഡിക3.10.1.7	പദ്ധതിപ്പണം നിക്ഷേപമായി കുടിവെള്ളമെത്തിയില്ല	നിയമസഭാസമിതി നാളിതുവരെ പരിഗണനക്കെടുത്തിട്ടില്ല
1998-1999 ഖണ്ഡിക 34,40	2003-04 ഖണ്ഡിക		പരിഗണിച്ചിട്ടില്ല
2009-10,2010-11 ഖണ്ഡിക	2013-14 ഖണ്ഡിക3.20	ലഘു അവലോകനം	തുടരുന്നു.
2013-14,2014-15 ഖണ്ഡിക	2015-16 ഖണ്ഡിക3.1	വെള്ളക്കരം അവലോകനം	തുടരുന്നു.
2014-15 ഖണ്ഡിക 2-1,2-2	2016-17 ഖണ്ഡിക 2	പൊതു പരാമർശം	തുടരുന്നു.

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം.

സ്ഥാപനം	ഓഡിറ്റ് റിപ്പോർട്ട്	ഖണ്ഡിക	ഉത്തരവാദിയായ ഉദ്യോഗസ്ഥൻ	ചാർജ്ജ് സർചാർജ്ജ് വിവരം	തുക	ഈടാക്കിയത് തുക	അവശേഷിക്കുന്ന	റിമാർക്സ്
മുന്നിയൂർ ഗ്രാമ പഞ്ചായത്ത്	2007-08	3-1	പി.ചന്ദ്രശേഖരൻ സെക്രട്ടറി	LF8587/ sp.cell/	5320	5320	--	Rt. 11402500019/ 31.12.14

				SC-D1/ 12/04.12.14				
		3-8	എം.സി ജാഫർഷെരീഫ്, അസി.എഞ്ചീനീയർ	LF6083/ spl.Cell/C-D1/12/ 21.2.15	396748	--	396748	OP191/15 allowed 14.12.17
	2008-09	3-12	കെ.രാധാകൃഷ്ണൻ, എച്ച്.എം	LF6083/ spl.cell/SC-D1/12/ 20.2.15	510058	--	510058	WP© 35821/15 stay 26.11.15
	2011-12 2012-13	3-7	മൈമൂന കെ.ടി, ഐ.സി.ഡി.എസ് സൂപ്പർവൈസർ	LF5819/ spl.cell/ CSC-D1/15/ 14.12.17	8637	8637	--	Rt. 11602100076/ 4.4.16

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	:	88824941.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	72803985.00
വരവിനങ്ങളിലുള്ള നഷ്ടം	:	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	-
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	3440382

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-18	375000	ശ്രീമതി.സി.എ.നാസില, അസിസ്റ്റന്റ് സെക്രട്ടറി.
1-19	2837345	ശ്രീമതി. ബേബി സരോജം.ഡി,സെക്രട്ടറി- ശ്രീമതി.വത്സല.കെ,സെക്രട്ടറി-
1-20	40000	ശ്രീ.അഖിൽ.ബി, വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ
1-22	103500	ശ്രീമതി.രേഷ്മ.എൻ,കൃഷി ഓഫീസർ
1-23	84537	ഡോ.ഈസ അരീക്കാടൻ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)
ആകെ	3440382	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും.

ഇല്ല.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
1994-95, 95-96	എൽ എഫ് എം 11/895/99 തിയ്യതി 26.10.10	10
1996-97	എൽ എഫ് എം 11/627/02 തിയ്യതി 26.10.10	1
1997-98	എൽ എഫ് എം 11/628/02 തിയ്യതി 26.10.10	9
1998-99	എൽ എഫ് എം 11/629/02 തിയ്യതി 26.10.10	4
1999-00 (വരവ്)	എൽ എഫ് എം 17/483/07 തിയ്യതി 26.10.10	5
1999-02 (പദ്ധതി ചെലവ്)	എൽ എഫ് എം 14/878/04 തിയ്യതി 26.10.10	25
2000-01	എൽ എഫ് എം 17/485/07 തിയ്യതി 26.10.10	4
2001-02	എൽ എഫ് എം 17/486/07 തിയ്യതി 26.10.10	4
2002-03	എൽ എഫ് എം 17/944/08 തിയ്യതി 26.10.10	6
2003-04	എൽ എഫ് എം 17/604/09 തിയ്യതി 26.10.10	5
2004-05	എൽ എഫ് എം 17/946/08 തിയ്യതി 26.10.10	2
2005-06	എൽ എഫ് എം 15/1347/11 തിയ്യതി 28.10.11	12
2006-07	എൽ എഫ് എം 15/1721/11 തിയ്യതി 22.03.12	25
2007-08	എൽ എഫ് എം 15/1523/11 തിയ്യതി 14.02.12	16
2008-09	എൽ എഫ് എം 15/1524/11 തിയ്യതി 21.02.12	21

2009-10,10-11	എൽ എഫ് എം 15/1750/13 തിയ്യതി 20.11.13	22
2011-12,12-13	എൽ എഫ് എം 15/2318/17 തിയ്യതി 06.12.17	20
2013-14,14-15	എൽ എഫ് എം 15/777/16 തിയ്യതി 14.05.16	20
2015-16	നം കെ എസ് എ.എംപിഎം.15/3001/2016 തിയ്യതി: 05.12.2016	13
2016-17	കെ.എസ്.എ എം.പി.എം 15/1564/2017 20.4.2018	24
2017-18	കെ.എസ്.എ എം.പി.എം 15/	13

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.എം.പി.എം.15/1189/2019,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം.

പിൻ-676505 ഫോൺ:04832734951

dompm.ksad@kerala.gov.in

തിയതി: 22-08-2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 31.3.2019ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഈ സാക്ഷ്യപത്രത്തിന്റെ അനുബന്ധത്തിൽ കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ മൂന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

അനുബന്ധം-2 Audited Abstract

		സംക്ഷിപ്തം (Audited Abstract)

1	റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്	[illegible] (Audited Abstract)
2	ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്	
3	ബാലൻസ് ഷീറ്റ്	